**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1933** **15-03-2022 - ൽ മറുപടിയ്ക്ക്**

**എലപ്പുള്ളി മൃഗാശുപത്രി വക സ്ഥലത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **null**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതിയ്ക്കായി എലപ്പുള്ളി മൃഗാശുപത്രിയുടെ കൈവശമുള്ള സ്ഥലത്ത് ഉടമസ്ഥാവകാശം മൃഗസംരക്ഷണ വകുപ്പിൽ തന്നെ നിലനിർത്തികൊണ്ട് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മുൻപ് നടന്ന മന്ത്രിതല യോഗങ്ങളിൽ ഉൾപ്പെടെ ഉപയോഗാനുമതി നൽകുവാൻ തീരുമാനമെടുത്തിട്ടും ഈ തീരുമാനം നടപ്പിലാക്കാത്തതിന്റെ കാരണം അറിയിക്കുമോ; | (ബി) | സർക്കാർ ഭൂമി സംബന്ധിച്ച് ഭൂമി ഏതു വകുപ്പിന്റേതായാലും ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ റവന്യൂ വകുപ്പി1ന് മാത്രമേ അധികാരമുള്ളൂവെന്ന് 03/06/2010 ലെ ചീഫ് സെക്രട്ടറിയുടെ സർക്കുലർ പ്രകാരവും, 02/04/2019 ലെ റവന്യൂ എൽ വകുപ്പിന്റെ സ.ഉ(കൈ) നം.116/2019/റവ. പ്രകാരവും ഉത്തരവായിട്ടുണ്ട്. ടി സാഹചര്യത്തിൽ മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതിയ്ക്കായി എലപ്പുള്ളി മൃഗാശുപത്രിയുടെ കൈവശമുള്ള സ്ഥലത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകുന്നതിനായി ഈ വകുപ്പിന്റെ ജി2/55/2020-എ.എച്ച്-ാം നമ്പർ ഫയൽ പൊതുഭരണ റവന്യൂ (എൽ )വകുപ്പിന് കൈമാറുകയും, ഭൂമി വാട്ടർ അതോറിറ്റിക്ക് പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ, ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ലഭ്യമാക്കാൻ, 29/12/2021-ൽ റവന്യൂ വകുപ്പ് പാലക്കാട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. |
| (സി) | ഉപയോഗാനുമതി ലഭിക്കുന്നതിന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ 03.08.2018-ന് കത്ത് നമ്പർ KWA/WSP/PKD/D3/OZELY/18/Vol-1 പ്രകാരം പാലക്കാട് ജില്ലാ മൃഗസംരക്ഷണ | (സി) | സർക്കാർ ഭൂമി സംബന്ധിച്ച് ഭൂമി ഏതു വകുപ്പിന്റേതായാലും ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ റവന്യൂ വകുപ്പി1ന് മാത്രമേ അധികാരമുള്ളൂവെന്ന് 03/06/2010 ലെ ചീഫ് സെക്രട്ടറിയുടെ സർക്കുലർ പ്രകാരവും, 02/04/2019 |

| | | | |
|---|---|---|---|
| | ഓഫീസർക്ക് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | | ലെ റവന്യൂ എൽ വകുപ്പിന്റെ സ.ഉ(കൈ) നം.116/2019/റവ. പ്രകാരവും ഉത്തരവായിട്ടുണ്ട്. ടി സാഹചര്യത്തിൽ മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതിയ്ക്കായി എലപ്പുള്ളി മൃഗാശുപത്രിയുടെ കൈവശമുള്ള സ്ഥലത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകുന്നതിനായി ഈ വകുപ്പിന്റെ ജി2/55/2020-എ.എച്ച്-ാം നമ്പർ ഫയൽ പൊതുഭരണ റവന്യൂ (എൽ )വകുപ്പിന് കൈമാറുകയും, ഭൂമി വാട്ടർ അതോറിറ്റിക്ക് പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ, ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ലഭ്യമാക്കാൻ, 29/12/2021-ൽ റവന്യൂ വകുപ്പ് പാലക്കാട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ